DESPATCHED
On 17/10/22

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 1226(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.9762/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഒക്ടോബർ 13**

ശ്രീ. ഗംഗാധരൻ കെ.,
കുരുങ്ങാട്ട് ഹൗസ്,
പീച്ചി, തൃശ്ശൂർ -680 653.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി തഹസിൽദാർ (ഡി.എം.),
   താലൂക്ക് ഓഫീസ്, കുന്നത്തുനാട്,
   പെരുമ്പാവൂർ - 683 542.
2. അപ്പീൽ അധികാരി &
   തഹസിൽദാർ (ഭൂരേഖ),
   താലൂക്ക് ഓഫീസ്, കുന്നത്തുനാട്,
   പെരുമ്പാവൂർ - 683 542.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 28.2.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 2.4.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 20.4.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 24.5.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22.6.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 25.6.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.7.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 4.8.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 12.10.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

**ഉത്തരവ്**

ശ്രീ. ഗംഗാധരൻ കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് സമയബന്ധിതമായി മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ നൽകി എന്നും

തുടർന്ന് നടന്ന അപ്പീൽ ഉത്തരവിൽ വിവരങ്ങൾ പൂർണ്ണമായും ഫീസ് ഈടാക്കാതെ നൽകുന്നതിന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിയെങ്കിലും 8.6.2022 തീയതി വരെ എസ്.പി.ഐ.ഒ യാതൊരു വിവരവും നൽകിയില്ലെന്നും ആയതിനാൽ വിവരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും യഥാസമയം വിവരങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയ എതിർകക്ഷികൾക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 28.2.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1. വേങ്ങൂർ വെസ്റ്റ് വില്ലേജിൽ ഉൾപ്പെട്ട 771-ാം നമ്പർ തണ്ടപ്പേർ പകർപ്പ്.
2. ബി3-2510/13-ാം നമ്പർ ഫയൽ സംബന്ധിച്ചുള്ള വിവരങ്ങൾ
3. കെ.എൻ.സുധാകരൻ, എൽ/ഒ നാരായണൻ,കുന്നുമ്മേൽ വീട്, അകനാട്ടുകര, വേങ്ങൂർ വെസ്റ്റ് വില്ലേജിന്റെ ഉപദേശപ്രകാരം അഡ്വ: എം.ടി. തമ്പി, 10.4.20114-ന് അയച്ച രജിസ്റ്റേർഡ് കത്ത് കൈകാര്യം ചെയ്ത ഫയലിന്റെ എല്ലാ പേജുകളും (നോട്ട് & കറണ്ടന്റ് ഫയൽ).
4. ബി6-14877/18 എന്ന ഫയലിന് എല്ലാ പേജുകളുടെയും പകർപ്പ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 2.4.2022-ന് നൽകിയ മറുപടിയിൽ 1, 2 & 3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കുകയും 4-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരത്തിന് 645/- രൂപ ഒടുക്കിയാൽ രേഖകൾ ലഭ്യമാക്കുന്നതാണെന്നു അറിയിക്കുകയും ചെയ്തു. മേൽ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 20.4.2022-ന് ഒന്നാം അപ്പീൽ നൽകിയതായി കാണുന്നു. ടി അപ്പീൽ തീർപ്പാക്കി 24.5.2022-ന് നൽകിയ ഉത്തരവിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ, ഒന്നാം നമ്പർ ചോദ്യത്തിൽ പ്രകാരം ആവശ്യപ്പെട്ട വേങ്ങൂർ വെസ്റ്റ് വില്ലേജിൽപ്പെട്ട 771-ാം നമ്പർ തണ്ടപ്പേർ പകർപ്പ് വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കി സൗജന്യമായി നൽകണമെന്നും, 2-ാം നമ്പർ ചോദ്യത്തിൽ ആവശ്യപ്പെട്ട ഫയൽ കണ്ടെത്തുന്നതിന് 4 പേർ അടങ്ങുന്ന ഒരു ടീമിനെ നിയോഗിച്ച് ഫയൽ ലഭ്യമാണോ എന്ന് റിക്കാർഡ് വിഭാഗത്തിലും ബന്ധപ്പെട്ട സെക്ഷനിലും പരിശോധിക്കേണ്ടതാണെന്നും 3-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് അപ്പീൽ വാദി സമർപ്പിച്ചിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തപാൽ വിഭാഗത്തിലെ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതും ആയതു പ്രകാരം ലഭ്യമാവുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അപ്പീൽ വാദിക്ക് വിവരങ്ങൾ നൽകേണ്ടതാണെന്നും 4-ാം ഇനത്തിൽ ആവശ്യപ്പെട്ട ബി6-14877/18

എന്ന ഫയലിന്റെ എല്ലാ പേജുകളുടെയും പകർപ്പ്.സൗജന്യമായി അനുവദിക്കേണ്ടതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി 30.7.2022.-ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 28.2.2022-ന് ടി ഓഫീസിൽ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിലെ വിവിധ സെക്ഷനുകളിലുമായി ബന്ധപ്പെട്ടതാകയാൽ ടി സെക്ഷനുകളിൽ നിന്നും വിവരം ലഭ്യമാക്കി 2.4.2022-ന് എസ്.പി.ഐ.ഒ മറുപടി അയച്ചിരുന്നു എന്നും ടി മറുപടിയിൽ ആക്ഷേപമുന്നയിച്ച് ടിയാൻ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിക്കുകയും 24.5.2022-ലെ 1-ാം അപ്പീൽ അധികാരിയുടെ നടപടി ക്രമപ്രകാരം അപ്പീൽ അപേക്ഷ തീർപ്പാക്കിയിട്ടുള്ളതുമാണ്. അപ്പീൽ അധികാരിയുടെ നടപടി ക്രമത്തിലെ നിർദ്ദേശ പ്രകാരം ഒന്നാം നമ്പർ ചോദ്യത്തിൽ ആവശ്യപ്പെട്ട വേങ്ങൂർ വെസ്റ്റ് വില്ലേജിലെ ബ്ലോക്ക് 10-ൽ 771-ാം നമ്പർ തണ്ടപ്പേർ പകർപ്പ്, ടി വില്ലേജിൽ നിന്നും ലഭ്യമാക്കിയിരുന്നതും, ആയത് അപ്പീൽ വാദിക്ക് അയച്ചു നൽകിയിട്ടുള്ളതാണെന്നുമാണ്. ചോദ്യ നമ്പർ 2-ന് അപ്പീൽ അധികാരിയുടെ നിർദ്ദേശാനുസരണം ആവശ്യപ്പെട്ട ഫയൽ ലഭ്യമാണോ എന്ന് പരിശോധിക്കുന്നതിന് 3 ജീവനക്കാർ അടങ്ങിയ ഒരു ടീമിനെ നിയോഗിച്ച് പരിശോധന നടത്തിയിരുന്നുവെങ്കിലും ആയത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. 2013 കാലഘട്ടത്തിലെ പോക്കു വരവുമായി ബന്ധപ്പെട്ട ഫയലാണ് അപ്പീൽ വാദി ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് കാണുന്നു. 3-ാം നമ്പർ ചോദ്യത്തിന് വിവരം ലഭ്യമാക്കുന്നതിനായി അപ്പീൽ വാദി ഹാജരാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തപാൽ വിഭാഗത്തിൽ പരിശോധന നടത്തിയിരുന്നതും, അത്തരത്തിൽ ഒരു അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. 4-ാം നമ്പർ ചോദ്യത്തിന് അപ്പീൽ അധികാരിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബി6-14877/18-ാം നമ്പൽ ഫയലിന്റെ പകർപ്പ്, ടി സെക്ഷന്റെ ചുമതല വഹിക്കുന്ന എസ്പി.ഐ.ഒ നേരിട്ട് അപ്പീൽ വാദിക്ക് അയച്ചു നൽകിയതായി 25.7.2022-ന് അറിയിച്ചിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെയും, ഹർജിക്കാരനേയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീ. ജോഷി വർഗ്ഗീസ് ഈയടുത്ത കാലത്താണ് ഓഫീസിൽ ചാർജ്ജെടുത്തതാണെന്ന് കാണുന്നു. ആയതിനാൽ മറുപടി നൽകുന്നതിൽ സംഭവിച്ച വീഴ്ചയ്ക്ക് ടിയാൻ ഉത്തരവാദിയല്ലെന്ന് കമ്മീഷൻ കാണുന്നു. എന്നാൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ആയ ശ്രീ. സജിവ്

ഭാസ്കരൻ ഹർജിക്കാരന് മറുപടി നൽകുന്നതിൽ വീഴ്ച വരുത്തുക മാത്രമല്ല രണ്ടാം എതിർകക്ഷിയായ അപ്പീൽ അധികാരിയുടെ നിർദ്ദേശത്തെ അവഗണിക്കുകയും ചെയ്തതായി കമ്മീഷൻ നിരീക്ഷിക്കുന്നു. ടിയാന്റെ നടപടി വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമായതിനാൽ ടി വീഴ്ചയ്ക്ക് കാരണകാരനായ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ആയ ശ്രീ. സജിവ് ഭാസ്കരനെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് 27.10.2022-നകം രേഖാമൂലം കമ്മീഷൻ മുൻപാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ലഭ്യമായ പകർപ്പും വായനായോഗ്യമല്ലെന്ന് ഹർജിക്കാരൻ പരാതിപ്പെട്ടതിനാൽ നിലവിലെ എസ്.പി.ഐ.ഒ അടിയന്തിരമായി ഫയൽ/രേഖകൾ പരിശോധിക്കുന്നതിന് ഹർജിക്കാരന് ഒരു അവസരം നൽകുകയും രേഖകളുടെ പകർപ്പ് സൗജന്യമായി നൽകുകയോ, അവയുടെ ഫോട്ടോ എടുക്കുന്നതിന് ഹർജിക്കാരന് അവസരം നൽകുകയോ ചെയ്യണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ 13-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk